# മാതൃകാചോദ്യപേപ്പർ SET 3

# USS EXAMINATION - FEBRUARY 2016

## Paper 1 - Part A - മലയാളം (AT)

1. നിഘണ്ടുവിലേതുപോലെ ശരിയായ ക്രമത്തിലെഴുതിയ കൂട്ടം ഏത്?

A ഉരൽ, ഉടുക്ക്, ഉമ, ഉത്തരം, ഉറി B ഉടുക്ക്, ഉത്തരം, ഉമ, ഉരൽ, ഉറി

C ഉമ, ഉറി, ഉത്തരം, ഉടുക്ക്, ഉരൽ D ഉത്തരം, ഉടുക്ക്, ഉരൽ, ഉമ, ഉറി

2. നാണ്വാര് നങ്ങേമ എന്നീ ആദർശ ദമ്പതികളെ സൃഷ്ടിച്ച സാഹിത്യകാരൻ ആര്?

A വി.കെ. എൻ B ഇ.വി. കൃഷ്ണപിള്ള

C സഞ്ജയൻ D എസ്.കെ. പൊറ്റക്കാട്

3. താഴെ കൊടുത്തിരിക്കുന്ന ശൈലിയുടെ ശരിയായ അർത്ഥം കണ്ടെത്തുക.

'അഴകിയ രാവണൻ'

A ആഡംബര ഭ്രമമുള്ളവൻ B വലിയ ശൃംഗാരി

C പുറം മോടി വരുത്തുക D വെറുതെ ചെലവിടുക

4. വിപരീത പദം തെരഞ്ഞെടുക്കുക

'പ്രഭാതം'

A പ്രദോഷം B അസ്തമയം

C സന്ധ്യ D അപ്രഭാതം

5. 'ചന്ദ്രോദയം' പിരിച്ചെഴുതിയാൽ

A ചന്ദ്രേ + ദയം B ചന്ദ്ര + ഉദയം

C ചന്ദ്രൻ + ഉദയം D ചന്ദ്രോദ + യം

6. കേരള വാത്മീകി, ദേശീയതയുടെ കവി, ശബ്ദസുന്ദരൻ എന്നീ വിശേഷണങ്ങൾ ലഭിച്ച കവി

A ആശാൻ B ഉള്ളൂർ

C കുഞ്ചൻ നമ്പ്യാർ D വള്ളത്തോൾ

7. 'ലോകമേ തറവാട് തനിക്കീച്ചെടികളും

പുൽകളും പുഴുക്കളും കൂടി തൻ കുടുംബക്കാർ'

ഈ വരികൾ ഏതു കൃതിയിലേതാണ്?

A നളിനി B എന്റെ ഗുരുനാഥൻ

C ശിഷ്യനും മകനും D വാഴക്കുല

8. മലയാറ്റൂർ രാമകൃഷ്ണന്റേതല്ലാത്ത കൃതി?

A വേരുകൾ B യന്ത്രം

C നാലുകെട്ട് D ദ്വന്ദ്വയുദ്ധം

9. ശരിയായ വാക്ക് കണ്ടെത്തുക

A അച്യുതൻ B അച്യുദൻ

C അച്ചുതൻ D അച്ചുദൻ

10. താഴെ പറയുന്നവയിൽ ശരിയായ രൂപമേത്?

A അദ്ദേഹത്തെ ഹാർദവമായി സ്വാഗതം ചെയ്തു

B അദ്ദേഹത്തെ ഹാർദ്ദവത്തോടെ സ്വാഗതം ചെയ്തു

C അദ്ദേഹത്തെ ഹാർദ്ദമായി സ്വാഗതം ചെയ്തു

D അദ്ദേഹത്തെ സന്തോഷത്തോടെ ഹാർദ്ദമായി സ്വാഗതം ചെയ്തു.

**താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് തുടർന്നുള്ള ചോദ്യങ്ങൾക്ക് (1 മുതൽ 3 വരെ) ഉത്തരം കണ്ടെത്തുക.**

ജീവിതയാത്രയിൽ നാം ഓരോരുത്തരും ഓരോ നിലയിലെത്തിയിട്ടുണ്ട്. ചിലർക്ക് പണവും പദവിയും ചിലർക്ക് ദാരിദ്ര്യവും കഷ്ടപ്പാടും - ചിലർ ഉത്സാഹത്തോടെയും ഉന്മേഷത്തോടെയും മുന്നോട്ടു പോകുന്നു. മറ്റു ചിലർ ദുഃഖവും നിരാശയുമായി കഴിഞ്ഞു കൂടുന്നു. നടക്കലും, ഇരിക്കലും, ഓടലും വീഴലും യാത്രാ മദ്ധ്യേ വേണ്ടിവരും. അതുപോലെ ജീവിത യാത്രയിലും ഉദ്ദേശ്യമില്ലാതെ ഉത്സാഹരഹിതരായി ജീവിതയാത്ര തുടങ്ങുകയല്ല നാം വേണ്ടത്. നമ്മുടെ പ്രവർത്തികളെ വിവേകത്തോടെ ബോധപൂർവ്വം നിയന്ത്രിച്ച് മുന്നോട്ടു കൊണ്ടു പോകുകയാണ്. അനുഭവവും പ്രവൃത്തിയും തമ്മിൽ അടുത്ത ബന്ധമുണ്ട്. പ്രവൃത്തിയുടെ ഫലമാണ് അനുഭവം. അതുപോലെ ചിന്തയുടെ ഫലമാണ് പ്രവൃത്തി. ചിന്ത ശരിയായാൽ പ്രവൃത്തിയും ശരിയാവും. നമ്മുടെ സ്വഭാവം രൂപവൽക്കരിക്കുന്നത് ചിന്തയും പ്രവൃത്തിയുമാണ്. സ്വഭാവം മാറുമ്പോൾ ഏതനുഭവ

ത്തിനും മാറ്റം വരും. സൽസ്വഭാവം പരിശീലിക്കുന്നതിനും ദുസ്വഭാവം അകറ്റുന്നതിനും ആദ്യ കാലം മുതലേ ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. നമ്മുടെ ചിന്താഗതി നിയന്ത്രിക്കുന്നതിനുള്ള മനഃ ശക്തി നമുക്കുണ്ടാവണം. നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ നാനാവശങ്ങളും വേണ്ടപോലെ പരിശോധിച്ച് അവസാനം പ്രവൃത്തിമാർഗം തീർച്ചപ്പെടുത്തിയാൽ അതിനനുസരിച്ച് പ്രവർത്തി ക്കുവാൻ ഒരുങ്ങണം.

11. ഏതൊക്കെ തമ്മിൽ അടുത്ത ബന്ധമുണ്ടെന്നാണ് ലേഖനത്തിൽ പറയുന്നത്?

A ചിന്തയും പ്രവൃത്തിയും　　B അനുഭവവും പ്രവൃത്തിയും

C സൽസ്വഭാവവും ദുസ്വഭാവവും　　D മനശക്തിയും ചിന്തയും

12. നമ്മുടെ ചിന്താഗതി നിയന്ത്രിക്കാൻ നമുക്ക് എന്താണ് ഉണ്ടാവേണ്ടത്?

A ചിന്ത　　B മനശക്തി

C ഉത്സാഹം　　D ഉന്മേഷം

13. നമ്മുടെ പ്രവൃത്തി ശരിയാകണമെങ്കിൽ എന്തു കൂടി ശരിയാകണം?

A ചിന്ത　　B മനശക്തി

C ഉത്സാഹം　　D ഉന്മേഷം

14. നാലഞ്ച് വിഗ്രഹിച്ചെഴുതിയാൽ

A നാലും അഞ്ചും　　B നാലോ അഞ്ചോ

C നാലിലും അഞ്ചിലും　　D നാലഞ്ചും

15. അടിയിൽ വരച്ചിരിക്കുന്ന പദത്തിന്റെ പര്യായപദം കണ്ടെത്തുക.

കുയിലിന്റെ ശബ്ദം അത്യന്തം ഹൃദയഹാരിയാണ്

A പികം　　B കേകി

C ശുകം　　D ഖഗം